**FY 636**

ചുവട്

MODEL EXAMINATION, MARCH 2025

# POLITICAL SCIENCE

Time: 2 ½ Hrs
Score: 80 Scores

**From questions 1 to 10 answer for 16 scores.**
1 മുതൽ 10വരെയുള്ള ചോദ്യങ്ങളിൽ 16 സ്കോറിന് ഉത്തരം എഴുതുക

1. ............was the first part of India to hold election on the basis of universal adult franchise?
സാർവ്വത്രിക പ്രായപൂർത്തി വോട്ടവകാശത്തിന്റെ അടിസ്ഥാനത്തിൽ തെരഞ്ഞെടുപ്പ് നടന്ന ഇന്ത്യയിലെ ആദ്യ പ്രദേശം

a) Manipur a) മണിപ്പൂർ
b) Hyderabad b) ഹൈദരാബാദ്
c) Junagadh c) ജുനഗഡ്
d) Kashmir d) കാശ്മീർ

**Score 1**

**Ans:** Manipur / മണിപ്പൂർ

2. From which country did India adopt the concept of the Five Year Plan?
ഏത് രാജ്യത്ത് നിന്നുമാണ് ഇന്ത്യ പഞ്ചവത്സര പദ്ധതി എന്ന ആശയം സ്വീകരിച്ചത്?

**Ans: USSR /** സോവിയറ്റ് യൂണിയൻ **Score 1**

3. The book 'Limits to Growth' which discusses environmental issues, is published by ...
a) The Club of England
b) The Club of Rome
c) Rio Summit
d) UNFCCC

പരിസ്ഥിതി പ്രശ്നങ്ങളെക്കുറിച്ച് ചർച്ചചെയ്യുന്ന ലിമിറ്റ്സ് ടു ഗ്രോത്ത് എന്ന പുസ്തകം പ്രസിദ്ധീകരിച്ചത് .................... ആണ്?
a) ക്ലബ്ബ് ഓഫ് ഇംഗ്ലണ്ട്
b) ക്ലബ് ഓഫ് റോം
c) റിയോ ഉച്ചകോടി
d) UNFCCC **Score 1**

**Ans:** The Club of Rome / ക്ലബ് ഓഫ് റോം

4. From the list given below, find out the condition put forward by Jayaprakash Narayan to take up the leadership of Bihar Movement
a) The movement will make use of any means to overthrow the government in power
b) The movement will continue till the price of essential commodities are brought down
c) The movement will remain non-violent and will not limit to Bihar.
d) The movement will end when the Congress government in Bihar is dismissed.

താഴെ കൊടുത്തിരിക്കുന്നവയിൽ നിന്നും ബീഹാർ പ്രസ്ഥാനത്തിന്റെ നേതൃത്വം ഏറ്റെടുക്കാൻ ജയപ്രകാശ് നാരായൺ മുന്നോട്ടുവെച്ച നിബന്ധന കണ്ടെത്തുക
a) അധികാരത്തിലുള്ള സർക്കാരിന് പുറത്താക്കാൻ പ്രക്ഷോഭത്തിന് ഏത് മാർഗ്ഗവും സ്വീകരിക്കാം
b) ആവശ്യസാധനങ്ങളുടെ വില കുറയുന്നത് വരെ സമരം തുടരും **Score 1**
c) പ്രക്ഷോഭം അക്രമരഹിതമായി തുടരും ബീഹാറിൽ മാത്രമായി ഒതുങ്ങി നിൽക്കില്ല
d) ബീഹാറിലെ കോൺഗ്രസ് സർക്കാരിനെ പുറത്താക്കുന്നതോടെ പ്രക്ഷോഭം അവസാനിക്കും

**Ans:** c) The movement will remain non-violent and will not limit to Bihar

c) പ്രക്ഷോഭം അക്രമരഹിതമായി തുടരും ബീഹാറിൽ മാത്രമായി ഒതുങ്ങി നിൽക്കില്ല

5. Find out the popular movement which stood for forest protection in Uttarkhand?
ഉത്തരാഖണ്ഡിലെ വനസംരക്ഷണത്തിനുവേണ്ടി നിലകൊണ്ട പരിസ്ഥിതി പ്രസ്ഥാനം ഏതെന്ന് കണ്ടെത്തുക?

**Score 1**

**Ans:** Chipko Movement / ചിപ്കോ പ്രസ്ഥാനം

6. Identify the name of leader and party led the popular struggle in East Pakistan against the domination of West Pakistan?
പടിഞ്ഞാറൻ പാക്കിസ്ഥാന്റെ ആധിപത്യത്തിനെതിരായി കിഴക്കൻ പാക്കിസ്ഥാനിൽ ജനകീയ പ്രക്ഷോഭത്തിന് നേതൃത്വം കൊടുത്ത നേതാവ് അദ്ദേഹത്തിന്റെ പാർട്ടി എന്നിവ കണ്ടെത്തുക?

**Score 1**

**Ans:** Sheik Mujeeb Rahman /ഷേക്ക് മുജീബ് റഹ്മാൻ, Awami League of Bangladesh / അവാമി ലീഗ് ഓഫ് ബംഗ്ലാദേശ്

7. Some of the features relating to the principal organs of UNO are given below. Arrange them properly in the table.
* It consists of 5 permanent members and 10 non-permanent members.
* Representatives of all member state participate in the meeting.
* Headed by Secretary General.

ഐക്യരാഷ്ട്രസഭയുടെ പ്രധാന ഘടകങ്ങളുമായി ബന്ധപ്പെട്ട ചില പ്രസ്താവനകൾ ചുവടെ കൊടുക്കുന്നു. അവയെ ശരിയായി പട്ടികപ്പെടുത്തുക.

- ഇതിൽ 5 സ്ഥിര അംഗങ്ങളും 10 അസ്ഥിരാംഗങ്ങളും ഉണ്ട്
- സമ്മേളനത്തിൽ എല്ലാ അംഗരാജ്യങ്ങളുടെയും പ്രതിനിധികൾ പങ്കെടുക്കുന്നു
- സെക്രട്ടറി ജനറൽ ആണ് തലവൻ

**Score 3**

| | |
|---|---|
| Secretariate<br>സെക്രട്ടേറിയേറ്റ് | Headed by Secretary General<br>സെക്രട്ടറി ജനറൽ ആണ് തലവൻ |
| Security Council<br>രക്ഷാസമിതി | It consists of 5 permanent members and 10 non-permanent members<br>ഇതൽ 5 സ്ഥിര അംഗങ്ങളും 10 അസ്ഥിരാംഗങ്ങളും ഉണ്ട് |
| General Assembly<br>പൊതുസഭ | Representatives of all member state participate in the meeting<br>സമ്മേളനത്തിൽ എല്ലാ അംഗരാജ്യങ്ങളുടെയും പ്രതിനിധികൾ പങ്കെടുക്കുന്നു. |

8. Expand the following.
ചുവടെ നൽകിയിരിക്കുന്നവയുടെ പൂർണ്ണരൂപം എഴുതുക.

i) NPT - Nuclear Non Proliferation Treaty
ii) NIEO - New International Economic Order
iii) START - Strategic Arms Reduction Treaty

**Score 3**

9. Match the column A with B and C.
A കോളത്തിനനുസരിച്ച് B യും C യും ചേരുംപടി ചേർക്കുക

**Score 3**

| A | B | C |
|---|---|---|
| Ram Manohar Lohia<br>റാം മനോഹർ ലോഹ്യ | Garibi Hatao<br>ഗരീബി ഹഠാവോ | Haryana<br>ഹരിയാന |
| Aya Ram Gaya Ram<br>ആയാറാം ഗയാറാം | Socialist<br>സോഷ്യലിസ്റ്റ് | Ten point programme<br>പത്തിന പദ്ധതി |
| Indira Gandhi<br>ഇന്ദിരാഗാന്ധി | Defection<br>കൂറുമാറ്റം | Non Cogressism<br>നോൺ കോൺഗ്രസിസം |

**Ans:**

| A | B | C |
|---|---|---|
| Ram Manohar Lohia<br>റാം മനോഹർ ലോഹ്യ | Socialist<br>സോഷ്യലിസ്റ്റ് | Non Cogressism<br>നോൺ കോൺഗ്രസിസം |
| Aya Ram Gaya Ram<br>ആയാറാം ഗയാറാം | Defection<br>കൂറുമാറ്റം | Haryana<br>ഹരിയാന |
| Indira Gandhi<br>ഇന്ദിരാഗാന്ധി | Garibi Hatao<br>ഗരീബി ഹഠാവോ | Ten point programme<br>പത്തിന പദ്ധതി |

10. Match the column A with B and C.

A കോളത്തിനനുസരിച്ച് B യും C യും ചേരുംപടി ചേർക്കുക

| A | B | C |
|---|---|---|
| Operation Desert Storm<br>ഓപ്പറേഷൻ ഡെസേർട്ട് സ്റ്റോം | 2003 | Cruise Missile attack against Al-Quida in Sudan and Afganistan<br>സുഡാനിലെയും അഫ്ഗാനിസ്ഥാനിലെ യും അൽഖ്വദക്കെതിരായ ക്രൂയിസ് മിസൈൽ അക്രമണം |
| Operation Infinite Reach<br>ഓപ്പറേഷൻ ഇൻഫിനിറ്റ് റീച്ച് | Video Game war<br>വീഡിയോ ഗെയിം വാർ | US invasion on Iraq<br>ഇറാക്കിലെ അമേരിക്കൻ അധിനിവേശം |
| Operation Enduring Freedom<br>ഓപ്പറേഷൻ എൻഡ്യൂറിങ് ഫ്രീഡം | 1998 | First Gulf War<br>ഒന്നാം ഗൾഫ് യുദ്ധം |
| Operation Iraqi Freedom<br>ഓപ്പറേഷൻ ഇറാക്കി ഫ്രീഡം | Global War on Terror<br>ഭീകരതയ്ക്കെതിരായ ആഗോള യുദ്ധം | Attack against those who suspected behind 9/11 attack<br>9/11 ആക്രമണത്തിന് പിന്നിൽ പ്രവർത്തിച്ചു എന്ന് സംശയിക്കുന്നവർക്കെതിരായ ആക്രമണം |

**Ans:**

**Score 3**

| A | B | C |
|---|---|---|
| Operation Desert Storm<br>ഓപ്പറേഷൻ ഡെസേർട്ട് സ്റ്റോം | Video Game war<br>**വീഡിയോ ഗെയിം വാർ** | First Gulf War<br>**ഒന്നാം ഗൾഫ് യുദ്ധം** |
| Operation Infinite Reach<br>ഓപ്പറേഷൻ ഇൻഫിനിറ്റ് റീച്ച് | 1998 | Cruise Missile attack against Al-Quida in Sudan and Afganistan<br>**സുഡാനിലെയും അഫ്ഗാനിസ്ഥാനിലെ യും അൽഖ്വദക്കെതിരായ ക്രൂയിസ് മിസൈൽ അക്രമണം** |
| Operation Enduring Freedom<br>ഓപ്പറേഷൻ എൻഡ്യൂറിങ് ഫ്രീഡം | Global War on Terror<br>**ഭീകരതയ്ക്കെതിരായ ആഗോള യുദ്ധം** | Attack against those who suspected behind 9/11 attack<br>**9/11 ആക്രമണത്തിന് പിന്നിൽ പ്രവർത്തിച്ചു എന്ന് സംശയിക്കുന്നവർക്കെതിരായ ആക്രമണം** |
| Operation Iraqi Freedom<br>ഓപ്പറേഷൻ ഇറക്കി ഫ്രീഡം | 2003 | US invasion on Iraq<br>**ഇറാക്കിലെ അമേരിക്കൻ അധിനിവേശം** |

**Answer any 4 questions from 11 to 15. Each carries 3 scores**.

11 **മുതൽ** 15 **വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും** 4 **എണ്ണത്തിന് ഉത്തരം എഴുതുക**.
3 **സ്കോർ വീതം.**

11. Examine the factors which led to the increasing popularity of Indira Gandhi's government in early 1970's?

1970 **കളുടെ തുടക്കത്തിൽ ഇന്ദിരാഗാന്ധിയുടെ ജനപിന്തുണ വർദ്ധിക്കുന്നതിലേക്ക് നയിച്ച ഘടകങ്ങൾ പരിശോധിക്കുക**

Factors for Indira Gandhi's Popularity – 1971

- Socialist Credentials became main projects. – **Garibi Hatao**
- Implementation of land reforms, Land Ceiling
- Strengthened her position in the party.
- Indo-Pak war of 1971 enhanced her popularity
- People accepted her as the protector of the poor.
- Abolition of privy purse
- 10th point programme.

**ഇന്ദിരാഗാന്ധിയുടെ ജനസമ്മിതിക്കുള്ള കാരണങ്ങൾ** - 1971

- **സോഷ്യലിസ്റ്റ് ആഭിമുഖ്യമുള്ള പദ്ധതികൾ**.
- **ഭൂപരിഷ്കരണം നടപ്പിലാക്കൽ**
- **പാർട്ടിയിലെ സ്ഥാനം ശക്തിപ്പെടുത്തിയത്**.
- **ബംഗ്ലാദേശ് യുദ്ധം ഇന്ദിരാഗാന്ധിയുടെ ജനസമ്മിതി വർദ്ധിപ്പിച്ചു**
- **ജനങ്ങൾ പാവപ്പെട്ടവരുടെ രക്ഷകയായി ഇന്ദിരാഗാന്ധിയെ കണ്ടു**.
- **പ്രീവി പേഴ്സ് നിർത്തലാക്കിയത്**
- **പത്തിന പരിപാടികൾ ഇന്ദിരാഗാന്ധിയുടെ ജനസമ്മിതി വർദ്ധിപ്പിച്ചു**

12. In a unipolar world American power cannot be easily checked by the UN. Do you agree with the statement? Substantiate your view.
**ഏക ധ്രുവ ലോകത്ത് അമേരിക്കൻ അധികാരത്തെ ഐക്യരാഷ്ട്രസഭയ്ക്ക് അത്ര എളുപ്പത്തിൽ ചെറുക്കാൻ കഴിയില്ല. ഈ പ്രസ്താവനയോട് നിങ്ങൾ യോജിക്കുന്നുണ്ടോ? അഭിപ്രായം സാധൂകരിക്കുക.**

The role of UNO in a unipolar world is a complex one.
First of all, with the disappearance of the Soviet Union, the US stands as the only super power. Its military and economic power allows it to ignore the UN or any other international Organization.
Secondly, within the UN, the influence of the US is considerable. As the single largest contributor to the UN, the US has unmatched financial power.
The UN is physically located within the US territory gives Washington additional source of influence.
The power of the US and its veto within the organization also ensures the US has a considerable degree of say in the choice of the Secretary General of the UNO.
The US has the power to split the world and reduce opposition to its policies.
The UN is not a balance to the USA. While the rest of the world is rarely united against US, it is impossible to balance US power.
The UN operates in a world dominated by one superpower, this dominance influence UN policies.

ഏകധ്രുവ ലോകത്ത് UNO യുടെ പങ്ക് വളരെ സങ്കീർണ്ണമാണ്.

ഒന്നാമതായി, സോവിയറ്റ് യൂണിയൻറെ ശിഥിലീകരണത്തോടെ, അമേരിക്ക മാത്രമാണ് സൂപ്പർ പവറായി നിലകൊള്ളുന്നത്. അതിൻറെ സൈനിക, സാമ്പത്തിക ശക്തി യുഎന്നിനെയോ മറ്റേതെങ്കിലും അന്താരാഷ്ട്ര സംഘടനയെയോ അവഗണിക്കാൻ അമേരിക്കയ്ക്ക് സാധിക്കുന്നു.

രണ്ടാമതായി, യുഎന്നിനുള്ളിൽ, യുഎസിൻറെ സ്വാധീനം വളരെ വലുതാണ്. യുഎന്നിലേക്ക് ഏറ്റവും വലിയ സംഭാവന നൽകുന്ന ഏക രാഷ്ട്രം എന്ന നിലയിൽ, അമേരിക്കയ്ക്ക് സമാനതകളില്ലാത്ത സാമ്പത്തിക സ്വാധീനമുണ്ട്.

ഐക്യരാഷ്ട്ര സഭയുടെ ആസ്ഥാന മന്ദിരം യു.എസ് പ്രദേശത്തിനകത്ത് സ്ഥിതി ചെയ്യുന്നത് അമേരിക്കയ്ക്ക് കൂടുതൽ സ്വാധീനം നൽകുന്നു. ഐക്യരാഷ്ട്ര സഭയുടെയുടെ ഉദ്യോഗസ്ഥരിൽ വലിയൊരു ഭാഗം അമേരിക്കക്കാരാണ്.

വീറ്റോ അധികാരമുള്ള ഒരു രാജ്യമെന്ന നിലയിൽ അമേരിക്കൻ താല്പര്യങ്ങൾക്കോ അമേരിക്കയുടെ വേണ്ടപ്പെട്ടവരുടെ താല്പര്യങ്ങൾക്കോ എതിരായ ഏതൊരു നീക്കത്തേയും തടയാൻ അമേരിക്കയ്ക്ക് കഴിയും.

ഐക്യരാഷ്ട്ര സഭയുടെയുടെ സെക്രട്ടറി ജനറലിനെ തിരഞ്ഞെടുക്കുന്നതിൽ പോലും അമേരിക്കയ്ക്ക് നിർണ്ണായക സ്വാധീനമുണ്ട്.

ലോകത്തെ വിഭജിക്കാനും അതിൻറെ നയങ്ങളോടുള്ള എതിർപ്പ് കുറയ്ക്കാനും അമേരിക്കയ്ക്ക് ശക്തിയുണ്ട്.

ഒരു മഹാശക്തിയുടെ ആധിപത്യമുള്ള ഒരു ലോകത്താണ് യുഎൻ പ്രവർത്തിക്കുന്നത്, ഈ ആധിപത്യം യുഎൻ നയങ്ങളെ സ്വാധീനിക്കുന്നു.

ഐക്യരാഷ്ട്ര സഭയെ (UNO) യുണൈറ്റഡ് സ്റ്റേറ്റ്സ് ഓർഗനൈസേഷൻ (USO) എന്ന് കളിയാക്കി പറയാറുണ്ട്.

13. Write any three components of India's security strategy?
**ഇന്ത്യൻ സുരക്ഷാ തന്ത്രത്തിന്റെ ഏതെങ്കിലും മൂന്ന് ഘടകങ്ങൾ എഴുതുക**

**INDIA'S SECURITY STRATEGY**

**Strengthening the Military Capabilities**

India conducted nuclear tests in 1974 &1990 to safeguard national security

**Ensuring development and wellbeing**

India develops the way to lift vast mass of citizen out of poverty, misery and huge economic inequalities

**Strengthening International Norms and Institutions**

India supported Afro-Asian solidarity, Disarmament, decolonization & faith in UNO

**Preserve Unity through democratic political system**

India make efforts to preserve national unity by adopting a democratic political system by providing freedom of speech and expression along with the right to vote

**ഇന്ത്യയുടെ സുരക്ഷാ തന്ത്രങ്ങൾ**

**സൈനിക ശേഷി വർധിപ്പിക്കുക**

ദേശീയ സുരക്ഷിതത്വത്തിന് അത്യാവശ്യമാണെന്ന് ബോധ്യപ്പെട്ടതിനാൽ 1974 ലും 1990 ലും ഇന്ത്യ ആണവായുധ പരീക്ഷണം നടത്തി.

**അന്താരാഷ്ട്ര സംഘടനകളെ ശക്തിപ്പെടുത്തുക**

നീതിനിഷ്ഠമായ അന്താരാഷ്ട്ര സംഘടനകൾ രാഷ്ട്രത്തി ന്റെ സുരക്ഷിതത്വത്തെ വർദ്ധിപ്പി ക്കുമെന്ന് ഇന്ത്യ കരുതുന്നു. ഇന്ത്യയുടെ സുരക്ഷിതത്വ താൽപര്യങ്ങൾ സംരക്ഷിക്കാൻ അന്താരാഷ്ട്ര സംഘടനകളെ ശക്തിപ്പെടുത്തൽ അത്യാവശ്യമാണെന്ന് ഇന്ത്യ കരുതുന്നു.

**സാമ്പത്തിക വികസനം സാധ്യമാക്കുക**

സാമ്പത്തിക വളർച്ചയും മാനവിക വികസനവും സുരക്ഷിതത്വത്തിനുള്ള മാർഗം കൂടിയാണ്. ജനങ്ങളെ ദാരിദ്ര്യ ത്തിൽ നിന്നും ദുരിതങ്ങളിൽ നിന്നും കരകയറ്റാനും സാമ്പത്തിക സമത്വം ഇല്ലാതാക്കാനും പറ്റിയ വിധത്തിൽ സാമ്പത്തിക വികസനം സാധ്യമാക്കാ നുള്ള ശ്രമം ഇന്ത്യ നടത്തിവരുന്നു.

**ജനാധിപത്യ രാഷ്ട്രീയ സംവിധാനം ഇന്ത്യയിൽ ശക്തിപ്പെടുത്തുക**

ജനാധിപത്യപരമായ ഒരു രാഷ്ട്രീയ സംവിധാനം നടപ്പാക്കിക്കൊണ്ട് ഇന്ത്യ ദേശീയ ഐക്യം കാത്തു രക്ഷിച്ചു വരുന്നു. ജനാധിപത്യ സംവിധാനങ്ങളെ ശക്തിപ്പെടുത്തിക്കൊണ്ട് രാജ്യത്തിനകത്ത് സുരക്ഷിതത്വ വെല്ലുവിളികളെ നേരിടുക എന്നതാണ് ഇന്ത്യയുടെ തന്ത്രം.

14. The national emergency 1975 at once brought out both strength and weakness of Indian democracy. Narrate the strength and weakness of Indian democracy you noticed?
**ഒരേസമയം ഇന്ത്യൻ ജനാധിപത്യത്തിന്റെ ശക്തിയും ദൗർബല്യവും വിളിച്ചോതുന്നതായിരുന്നു 1975ലെ ദേശീയ അടിയന്തരാവസ്ഥ. ഇന്ത്യൻ ജനാധിപത്യത്തിന്റെ നിങ്ങൾക്ക് ബോധ്യമായ ശക്തിയും ദൗർബല്യവും വിശദമാക്കുക?**

**Strength of Indian Democracy**

As the normal democratic functioning resumed within a short span of time. One important lesson of Emergency is that it is extremely difficult to do away with democracy in India

Second, it brought out some ambiguities regarding the emergency provision in the Constitution which have been rectified since. Eg. The emergency can now be proclaimed only on the ground of armed rebellion. It is necessary that the advice to the president to proclaim emergency must be given in writing by the Council of Ministers.

During emergency, the Judiciary could not protect the civil liberties of the people. Hence every one now has come to know about the value of civil liberties.

The Emergency has also shown that there should be a balance between the functioning of a democratic government and political protests by parties and groups.

It is also proved that the Police and bureaucracy are vulnerable to political pressure which should be avoided.

**Weakness of Indian Democrary**

Effects on Civil liberties for citizen. The government made excessive use of preventive detention. The government made large scale arrests during the emergency. Civil liberties for the citizen were curtailed

Impact on relationship between executive and judiciary. The emergency shows that the executive and the judiciary were cordial. This also shows that the judiciary was a committed judiciary.

Functions of Mass Media. The emergency adversely affected the functioning of mass media. Freedom of press was suspended. Press censorship was introduced. Many journalist were arrested for writing against emergency

## ഇന്ത്യൻ ജനാധിപത്യത്തിൻറെ ശക്തി

ചുരുങ്ങിയ സമയത്തിനുള്ളിൽ സാധാരണ ജനാധിപത്യ പ്രവർത്തനം പുനരാരംഭിച്ചതിനാൽ, 'ഇന്ത്യയിൽ ജനാധിപത്യം ഇല്ലാതാക്കുക' എന്നത് വളരെ ബുദ്ധിമുട്ടാണ് എന്നത് ബോധ്യപ്പെട്ടു.

രണ്ടാമതായി, ഭരണഘടനയിലെ അടിയന്തരാവസ്ഥ സംബന്ധിച്ച ചില അവ്യക്തതകൾ അത് പുറത്തുകൊണ്ടുവന്നു. ഉദാ. സായുധ കലാപത്തിൻറെ അടിസ്ഥാനത്തിൽ മാത്രമേ ഇനി അടിയന്തരാവസ്ഥ പ്രഖ്യാപിക്കാൻ കഴിയൂ. അടിയന്തരാവസ്ഥ പ്രഖ്യാപിക്കാനുള്ള ഉപദേശം മന്ത്രി സഭ രേഖാമൂലം നൽകേണ്ടത് അത്യാവശ്യമാണ്.

അടിയന്തരാവസ്ഥക്കാലത്ത് ജനങ്ങളുടെ പൗരാവകാശങ്ങൾ സംരക്ഷിക്കാൻ ജുഡീഷ്യറിക്ക് കഴിഞ്ഞില്ല. അതിനാൽ പൗരസ്വാതന്ത്ര്യത്തിൻറെ മൂല്യത്തെക്കുറിച്ച് ഇപ്പോൾ എല്ലാവരും ബോധവാന്മാരാണ്.

ഒരു ജനാധിപത്യ ഗവൺമെൻറിൻറെ പ്രവർത്തനവും പാർട്ടികളുടെയും ഗ്രൂപ്പുകളുടെയും രാഷ്ട്രീയ പ്രതിഷേധങ്ങളും തമ്മിൽ സന്തുലിതാവസ്ഥ ഉണ്ടായിരിക്കണമെന്നും അടിയന്തരാവസ്ഥ തെളിയിച്ചു.

ഒഴിവാക്കേണ്ട രാഷ്ട്രീയ സമ്മർദത്തിന് പോലീസും ഉദ്യോഗസ്ഥവൃന്ദവും ഇരയാകുന്നുവെന്നതും തെളിയിക്കപ്പെട്ടതാണ്. ഭാവിയിൽ ഇത് ആവർത്തിക്കപ്പെടാൻ പാടില്ല എന്ന ധാരണ രൂപപ്പെട്ടു.

## ഇന്ത്യൻ ജനാധിപത്യത്തിൻറെ ദൗർബല്യം

പൗരൻറെ പൗരസ്വാതന്ത്ര്യത്തെ സാരമായി ബാധിച്ചു. കരുതൽ തടങ്കൽ സർക്കാർ അമിതമായി ഉപയോഗിച്ചു. അടിയന്തരാവസ്ഥക്കാലത്ത് സർക്കാർ വലിയ തോതിലുള്ള അറസ്റ്റുകൾ നടത്തി. പൗരൻറെ പൗരാവകാശങ്ങൾ വെട്ടിക്കുറച്ചു.

എക്സിക്യൂട്ടീവും ജുഡീഷ്യറിയും തമ്മിലുള്ള ബന്ധത്തെ ബാധിച്ചു. ജുഡീഷ്യറി എക്സിക്യൂറ്റീവിന് വിധേയപ്പെട്ടു എന്ന വിമർശനം ശക്തമാണ്. എക്സിക്യൂട്ടീവും ജുഡീഷ്യറിയും സൗഹാർദ്ദപരമായിരുന്നുവെന്ന് അടിയന്തരാവസ്ഥ കാണിക്കുന്നു. ജുഡീഷ്യറി 'പ്രതിബദ്ധതയുള്ള' ജുഡീഷ്യറിയാണെന്ന് വിമർശനമുയർന്നു.

മാസ് മീഡിയയുടെ പ്രവർത്തനങ്ങൾ നിയന്ത്രിക്കപ്പെട്ടു. അടിയന്തരാവസ്ഥ മാധ്യമങ്ങളുടെ പ്രവർത്തനത്തെ പ്രതികൂലമായി ബാധിച്ചു. പത്രസ്വാതന്ത്ര്യം റദ്ദാക്കി. പ്രസ് സെൻസർഷിപ്പ് ഏർപ്പെടുത്തി. അടിയന്തരാവസ്ഥയ്ക്കെതിരെ എഴുതിയതിന് നിരവധി മാധ്യമപ്രവർത്തകർ അറസ്റ്റിലായി

15. Briefly explain the cultural consequences of globalization.
**ആഗോളവൽക്കരണത്തിന്റെ സാംസ്കാരിക പ്രത്യാഘാതങ്ങൾ ചുരുക്കി വിവരിക്കുക**

**CULTURAL CONSEQUENCES**

1. Globalization colonises the minds and thoughts of the people. This cultural conquest is made through the media

2. Globalization poses threats to the cultures of the world. It leads to the rise of a unified culture or Cultural Homogenization.




ആഗോളവൽക്കരണം ജനങ്ങളുടെ ഇഷ്ടാനിഷ്ടങ്ങളെയും ചിന്തകളേയും സ്വാധീനിക്കുന്നു. നാം എന്ത് കഴിക്കണം, എന്ത് കുടിക്കണം, എന്ന് തീരുമാനിക്കുന്നത് പോലും ആഗോളവൽക്കരണമാണ്. ആഗോളവൽക്കരണം ലോക സംസ്കാരങ്ങൾക്ക് ഭീഷണിയാവുന്നു. ആഗോളവൽക്കരണം ഒരു ഏകീകൃത സംസ്കാര രൂപീകരണത്തിന് കാരണമാവുന്നു. പാശ്ചാത്യ സംസ്കാരം അടിച്ചേൽപ്പിക്കപ്പെടുന്നു.



**Answer any 4 questions from 16 to 20. Each carries 4 scores.**

16 **മുതൽ** 20 **വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും** 4 **എണ്ണത്തിന് ഉത്തരം എഴുതുക.**
4 **സ്കോർ വീതം**

16. Congress party was a social and ideological coalition in the initial years of independence?
**സ്വാതന്ത്ര്യത്തിന്റെ ആദ്യ വർഷങ്ങളിൽ സാമൂഹികവും പ്രത്യശാസ്ത്രപരവുമായ ഒരു കൂട്ടായ്മയായിരുന്നു കോൺഗ്രസ് പാർട്ടി പ്രസ്താവന വിലയിരുത്തുക?**

**CONGRESS AS A SOCIAL AND IDEOLOGICAL COALITION**

1. Congress was called as **Rainbow Party** or An **Umbrella Party.**
2. Congress accommodated the revolutionary, conservative, pacifist, radical, extremists and moderates and the rights and the left with all other shades of the center.
3. Congress became a platform for numerous groups and interests and accommodated various factions.
4. The Congress accommodated diversified interests, religion, beliefs and aspirations to strengthen democracy.

**കോൺഗ്രസ് സാമൂഹ്യ പ്രത്യയശാസ്ത്ര സഖ്യമെന്ന നിലയിൽ**

1. **കോൺഗ്രസിനെ മഴവിൽ പാർട്ടി എന്ന് വിളിക്കപ്പെടുന്നു. വൈവിദ്ധ്യമേറിയ ഗ്രൂപ്പുകളെ ഒന്നിച്ച് അണിനിർത്താൻ അതിനു കഴിഞ്ഞു.**
2. **വർഗപരമായും ജാതിപരമായും മതപരമായും ഭാഷാപരമായും എല്ലാ താല്പര്യക്കാരെയും പ്രതിനിധീകരിക്കുന്ന ഒരു സഖ്യമായി കോൺഗ്രസ് മാറി.**
3. **വിപ്ലവകാരികളെയും സമാധാന വാദികളെയും യാഥാസ്ഥിതികരെയും, പുരോഗമനവാദികളെയും, തീവ്രവാദികളെയും, മിതവാദികളെയും, വലതു-പക്ഷ ഇടതു-പക്ഷ ചിന്താ ഗതികളെയും കോൺഗ്രസ് ഉൾക്കൊണ്ടു.**
4. **രീതികൾ, നയങ്ങൾ, പരിപാടികൾ എന്നിവ സംബന്ധിച്ച് വ്യത്യാസങ്ങൾ ഉണ്ടായിരുന്നുവെങ്കലും കോൺഗ്രസിന് അതിനകത്ത് അഭിപ്രായ വ്യത്യാസങ്ങൾ പരിഹരിക്കാനും ഒരു സമവായം ഉണ്ടാക്കാനും കഴിഞ്ഞിരുന്നു**

17. Prepare a note on Cuban Missile crisis?
**ക്യൂബൻ മിസൈൽ പ്രതിസന്ധിയെ കുറിച്ച് ഒരു കുറിപ്പ് തയ്യാറാക്കുക?**

## CUBAN MISSILE CRISIS

- Cuba was an ally of the Soviet Union
- Soviet leaders feared that America would invade Communist Cuba
- Soviet Union wanted to turn the Cuba into a Russian Base.
- The developments in Cuba created panic among American leaders
- Soviet Union placed Nuclear Missiles in Cuba in 1962. It put the US under the nuclear threats of Soviet Union
- This move fired the US. It ordered for naval blockade Cuba.
- A clash between the USSR and USA was imminent.
- People all over the world became nervous over it.
- Everybody knew that any war between these super powers would affect the entire world.
- This is called Cuban Missile Crisis.

## ക്യൂബൻ മിസൈൽ പ്രതിസന്ധി

- ക്യൂബ സോവിയറ്റ് യൂണിയന്റെ ഒരു സഖ്യ രാഷ്ട്രം ആയിരുന്നു.
- സോവിയറ്റ് യൂണിയൻ ക്യൂബയെ ഒരു റഷ്യൻ സൈനിക താവളമാക്കി മാറ്റി.
- ഫിഡൽ കാസ്ട്രോയുടെ നേതൃത്വത്തിലുള്ള ഭരണമാണ് അവിടെ ഉണ്ടായിരുന്നത്.
- അമേരിക്കയിൽ നിന്നും ക്യൂബയ്ക്ക് എതിരെ ആക്രമണമുണ്ടായേക്കാമെന്ന് സോവിയറ്റ് യൂണിയൻ ഭയപ്പെട്ടു.
- അമേരിക്കൻ അക്രമ ഭീതി കാരണം ക്യൂബയെ സോവിയറ്റ് യൂണിയൻ സൈനിക താവളമാക്കി മാറ്റി.
- 1962 ൽ സോവിയറ്റ് യൂണിയൻ ക്യൂബയിൽ അണ്വായുധ സഹിതമായ മിസൈലുകൾ സ്ഥാപിച്ചു.
- ക്യൂബയിലേക്ക് മിസൈലുകൾ കൊണ്ടുവന്നിരുന്ന റഷ്യൻ കപ്പലുകളെ തടയാൻ കെന്നഡി അമേരിക്കൻ നാവികസേനയ്ക്ക് കൽപ്പന നൽകി.
- റഷ്യയും അമേരിക്കയും തമ്മിലുള്ള ഒരു യുദ്ധം ആസന്നമായതായി ലോകത്തിനു തോന്നി.
- ക്യൂബൻ മിസൈൽ പ്രതിസന്ധി എന്നപേരിൽ ഇതറിയപ്പെടുന്നു.

18. Examine the situations that led to the origin of Dalit Panthers and analyse their activities?
ദളിത് പാന്തേഴ്സിന്റെ രൂപീകരണത്തിലേക്ക് നയിച്ച സാഹചര്യങ്ങൾ വിലയിരുത്തി അവരുടെ പ്രവർത്തനങ്ങൾ വിശകലനം ചെയ്യുക.

| | |
|---|---|
| **Dalit Panthers** | • Dalit Panters was a militant dalit organization formed in Maharashtra<br>• They fought against caste based inequalities and injustice against the dalits<br>• The movement demanded effective implementation of reservations and other such policies of social justice. |

| | |
|---|---|
| **Dalit Panthers**<br><br>ദളിത് പാന്തേഴ്സ് | • മഹാരാഷ്ട്രയിൽ രൂപീകരിച്ച സംഘടനയാണ് ദളിത് പാന്തേഴ്സ്. ദളിതുകൾക്കെതിരായ അതിക്രമങ്ങൾ തടയാൻ പ്രക്ഷോഭങ്ങൾക്ക് നേതൃത്വം നൽകി.<br>• ഭരണഘടനയിൽ നീതിക്കും സമത്വത്തിനും ഉറപ്പുനൽ നൽകുന്നുണ്ടെങ്കിലും ദളിതുകൾക്ക് അതൊന്നും അനുഭവവേദ്യമായിരുന്നില്ല.<br>• സംവരണം ഫലപ്രദമായി നടപ്പാക്കുക സാമൂഹ്യനീതിക്കു ഉറപ്പു നൽകുന്ന നയങ്ങൾ പ്രയോഗത്തിൽ കൊണ്ടുവരിക എന്നിവയെല്ലാമായിരുന്നു ആവശ്യങ്ങൾ.<br>• അയിത്താചാരണ നിരോധന നിയമങ്ങൾ പാസാക്കിയിട്ടുണ്ടെങ്കിലും സാമൂഹ്യ വിവേചനം ഇപ്പോഴും തുടരുന്നു. |

19. Prepare a note on India's nuclear policy.
**ഇന്ത്യയുടെ ആണവനായത്തെക്കുറിച്ച് ഒരു കുറിപ്പ് തയ്യാറാക്കുക**

## NUCLEAR POLICY OF INDIA

India conducted her Nuclear Test at Pokran
in 1974 & 1998

- India is against nuclear proliferation.
- Nuclear Energy for peaceful purpose.
- India refused to sign discriminatory Nuclear Treaties.
- Atom Weapon – **No First Use**.
- India will never use its Nuclear weapons against Non -Nuclear countries.
- India did not sign in CTBT and NPT because India considered both were discriminatory.

## ഇന്ത്യയുടെ ആണവ നയം

1974 ലും 1998 ലും ഇന്ത്യ പൊക്റാനിൽ ആണവ പരീക്ഷണം നടത്തി.

- അണുശക്തി സമാധാന കാര്യങ്ങൾക്ക് വേണ്ടി. ഇന്ത്യയുടെ സുരക്ഷയ്ക്ക് ആവശ്യമായ അണവായുധങ്ങൾ അതാണ് ഇന്ത്യയുടെ നയം.
- വിവേചന പരമല്ലാത്ത ആണവായുധ ഇന്ത്യ നിർവ്യാപനത്തിന് തയ്യാർ.
- ഇന്ത്യ ആണവായുധം ആദ്യം പ്രയോഗിക്കില്ല.
- ആണവായുധം ഇല്ലാത്ത രാജ്യത്തിനു മേൽ ഇന്ത്യ ആണവായുധം പ്രയോഗിക്കില്ല.
- ആണവ രാജ്യങ്ങളുടെ വ്യാപനത്തെ ഇന്ത്യ എതിർക്കുന്നു.
- CTBT, NPT എന്നിവ വിവേചന പരമാണെന്ന് വിശ്വസിക്കുന്നതിനാൽ ഇന്ത്യ ഒപ്പ് വെച്ചിട്ടില്ല.

20. Briefly explain major outcomes of India's Five Year Plans?
**ഇന്ത്യൻ പഞ്ചവത്സര പദ്ധതികളുടെ ഫലങ്ങൾ ചുരുക്കി എഴുതുക?**

Economic Growth

A primary goal is to achieve a targeted rate of GDP growth through strategic investment in various sectors.

Industrial Development

Focus on building heavy industries establishing public sector enterprises and promoting industrialization.

Social Development

Addressing the issues like poverty, unemployment, and inequality through social welfare schemes, Land reforms and educational initiatives.

Infrastructure Development

Investing in infrastructure like roads, power plants, transportation, railway, Iron and steel, refineries to facilitate economic activity.

Skill Development

Enhancing work force skills through training programmes to meet industry demand

<u>സാമ്പത്തിക വളർച്ച</u>

വിവിധ മേഖലകളിലെ തന്ത്രപരമായ നിക്ഷേപത്തിലൂടെ ജിഡിപി യിൽ വളർച്ച കൈവരിക്കുക എന്നതായിരുന്നു പ്രാഥമിക ലക്ഷ്യം.

<u>വ്യാവസായിക വികസനം</u>

പൊതുമേഖലാ സ്ഥാപനങ്ങൾ സ്ഥാപിക്കുന്നതിനും വ്യവസായവൽക്കരണം പ്രോത്സാഹിപ്പിക്കുന്നതിനും ഘനവ്യവസായങ്ങൾ കെട്ടിപ്പടുക്കുന്നതിലും പഞ്ചവത്സര പദ്ധതികളിലൂടെ സാധിച്ചു.

<u>സാമൂഹിക വികസനം</u>

സാമൂഹ്യക്ഷേമ പദ്ധതികൾ, ഭൂപരിഷ്കരണം, വിദ്യാഭ്യാസ സംരംഭങ്ങൾ എന്നിവയിലൂടെ ദാരിദ്ര്യം, തൊഴിലില്ലായ്മ, അസമത്വം തുടങ്ങിയ പ്രശ്നങ്ങൾ പരിഹരിക്കാനുള്ള ഊർജ്ജിത ശ്രമം നടത്തി.

<u>അടിസ്ഥാന സൗകര്യ വികസനം</u>

സാമ്പത്തിക പ്രവർത്തനങ്ങൾ സുഗമമാക്കുന്നതിന് റോഡുകൾ, പവർ പ്ലാന്റുകൾ, ഗതാഗതം, റെയിൽവേ, ഇരുമ്പുരുക്ക് ശാലകൾ, റിഫൈനറികൾ തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങളിൽ വലിയ തോതിലുള്ള നിക്ഷേപം നടത്തി.

<u>നൈപുണ്യ വികസനം</u>

വ്യാവസായിക ആവശ്യങ്ങൾ നിറവേറ്റുന്നതിനായി പരിശീലന പരിപാടികളിലൂടെ തൊഴിൽ സേനയുടെ കഴിവുകൾ വർധിപ്പിക്കാനുള്ള ശ്രമം നടന്നു.

**Answer any 4 questions from 21 to 25. Each carries 5 scores.**

21 മുതൽ 25 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 4 എണ്ണത്തിന് ഉത്തരം എഴുതുക. 5 സ്കോർ വീതം.

21. India supported the Global South on environmental issues. Explain India's stand on environmental issues?

**പരിസ്ഥിതി പ്രശ്നങ്ങളിൽ ഗ്ലോബൽ സൗത്തിൻറെ സമീപനങ്ങളെ ഇന്ത്യ പിന്തുണക്കുന്നു. പാരിസ്ഥിതിക പ്രശ്നങ്ങളിൽ ഉള്ള ഇന്ത്യയുടെ നിലപാട് വിശദീകരിക്കുക.**

India has taken a clear stand onn the environmental issues of the Contemporary World. The Country has clarified its stand on Global warming and Energy conservation

| |
|---|
| India's position on enviornemntal issues is based on Historical Responsibility |
| India is already participating in the global efforts to reduce global warming |
| Inida has on of the largest renewable programmes in the world |
| India's Natural Auto-Fuel policy insists on clearer fuels for vehicles |
| The Electricity Act of 2003 encourages the use of renewable energy |
| Importing of Natural gas to reduce emission |
| India keen to launch a National Mission on Bio diesel production |

| |
|---|
| Adopted clean coal technologies |
| India have keen interest in the fight against global warming |
| India signed and ractified the Kyoto Protocol in 1997 |
| India passed Energy conservation Act 2001 |

പരിസ്ഥിതി പ്രശ്നങ്ങളിൽ ഇന്ത്യയുടെ നിലപാട്

| |
|---|
| ഇന്ത്യയുടെ ദേശീയ ഓട്ടോ ഇന്ധന നയം |
| മോട്ടോർ വാഹനങ്ങളിൽ ശുദ്ധീകരിച്ച ഇന്ധനം മാത്രമേ ഉപയോഗിക്കാവൂ എന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട് |
| ഊർജ്ജത്തിന്റെ കാര്യക്ഷമത വർധിപ്പിക്കുന്നത്തിനുള്ള നിർദേശം ഉൾപ്പെടുത്തി ഇന്ത്യ ഊർജ്ജ പരിരക്ഷണ നിയമം പാസ്സാക്കി |
| 2003 ലെ ഇലെക്ട്രിസിറ്റി ആക്ട് പുതുക്കാവുന്ന ഊർജ്ജത്തിന്റെ ഉപയോഗത്തെ പ്രോത്സാഹിപ്പിക്കുന്നു |
| മലിനീകരണം കുറക്കാൻ ഇന്ത്യ പ്രകൃതി വാതക ഇറക്കുമതി ആരംഭിച്ചു |
| കൽക്കരി ഉപോയോഗിക്കാനുള്ള സാങ്കേതിക വിദ്യ നടപ്പാക്കി |
| ബയോ ഡീസൽ സംബന്ധിച്ച ഒരു നാഷണൽ മിഷൻ ആരംഭിക്കാൻ ഇന്ത്യ ശ്രമിക്കുന്നുണ്ട് |

22. The government of India and Bangladesh have differences over several issues. Explain the conflicting areas of India-Bangladesh relation.
**നിരവധി വിഷയങ്ങളിൽ ഇന്ത്യൻ ഗവൺമെന്റും ബംഗ്ലാദേശും തമ്മിൽ അഭിപ്രായ വ്യത്യാസങ്ങളുണ്ട്. ഇന്ത്യ ബംഗ്ലാദേശ് ബന്ധത്തിലെ തർക്ക മേഖലകളെ കുറിച്ച് വിവരിക്കുക.**

**CONFLICTS**

- Sharing of Ganga and Brahmaputhra river waters.
- Illegal immigration to India from Bangladesh.
- Supporting anti-India Islamic fundamentalist group.
- Did not allow India to move the troops through Bangladesh territory towards North Eastern India.
- It refused to send natural gas to India.
- It did not allow India to bring natural gas from Myanmar via Bangladesh. Boarder dispute in some areas.

## CONFLICTS

ഗംഗ ബ്രഹ്മപുത്ര നദികളിലെ ജലം പങ്കിടുന്നത് സംബന്ധിച്ച് ഇന്ത്യയും ബംഗ്ലാദേശും തമ്മിൽ തർക്കമുണ്ട്.

ബംഗ്ലാദേശ് കുടിയേറ്റക്കാരുടെ വിഷയത്തിൽ തർക്കമുണ്ട്.

ചില മത മൗലിക വാദികൾക്ക് ബംഗ്ലാദേശിൽ നിന്നും ലഭിക്കുന്ന ആനുകൂല്യം.

ഇന്ത്യയിൽ നിന്നും പോകുന്ന ഇന്ത്യൻ പട്ടാളക്കാർക്ക് ബംഗ്ലാദേശ് വഴി യാത്ര ചെയ്യാൻ അനുമതി നൽകാത്തത്.

ബംഗ്ലാദേശിൽ പ്രകൃതി വാതകം സുലഭമാണെങ്കിലും ഇന്ത്യക്ക് തരില്ലെന്ന നിലപാട്.

മ്യാൻമാറിൽ നിന്നും ലഭിക്കുന്ന പ്രകൃതി വാതകം ബംഗ്ലാദേശ് വഴി ഇന്ത്യയിലേക്ക് കൊണ്ടു വരാൻ അനുമതി നൽകാത്തത്.

നദീജലം പങ്കിടുന്ന കാര്യത്തിൽ രണ്ടു രാജ്യങ്ങളും തമ്മിലുള്ള തർക്കം.

ചില അതിർത്തി തർക്കങ്ങൾ നിലവിലുണ്ട്.

23. 'A transition from Communism to Capitalism was not an easy one.' In the light of this statement, examine the meaning and consequences of Shock Therapy ?

**'കമ്മ്യൂണിസത്തിൽ നിന്നും മുതലാളിത്തത്തിലേക്കുള്ള മാറ്റം അത്ര എളുപ്പമായിരുന്നില്ല'. ഈ പ്രസ്താവനയുടെ വെളിച്ചത്തിൽ ഷോക് തെറാപ്പിയുടെ അർത്ഥവും അതിന്റെ പരിണിതഫലങ്ങളും പരിശോധിക്കുക.**

## SHOCK THERAPY

Transition of the Russia, Central Asia and East Europe from a **Totalitarian Socialist system** to **Democratic Capitalist system**



**3**

**Changes**

**Establish Private Ownership**

**Foreign Direct Investment and Free Trade**

**Bring into the world economic system all those countries which were in Soviet Bloc**

**SHOCK THERAPY - CONSEQUENCES**

| |
|---|
| State controlled industrial Complex collapsed |
| 90% of the State Controlled industries were sold. 'Largest Garage Sale in History' |
| The value of the Russian Ruble fell miserably low |
| Inflation skyrocketed, GDP declined & People lost their savings. |
| Collective farming gave way to private farming |
| Withdrawal of Govt. subsidies pushed the people into poverty |
| Destroyed Social Welfare System |
| The Academic and Intellectual manpower migrated |
| Privatization led to economic disparities. |
| Influence of IMF & World bank increased |
| The constitutions of the new republics were drafted in a hurry |
| Civil wars & Uprising also reported |

## ഷോക്ക് ചികിത്സ

**സ്വേച്ഛാധിപത്യപരമായ സോഷ്യലിസ്റ്റ് സംവിധാനത്തിൽ നിന്നും ജനാധിപത്യപരമായ മുതലാളിത്ത സംവിധാനത്തിലേക്കുള്ള മാറ്റം**

സ്വേച്ഛാധിപത്യപരമായ സോഷ്യലിസ്റ്റ് സംവിധാനം → **Transition** → ജനാധിപത്യപരമായ മുതലാളിത്ത സംവിധാനം

**3 മാറ്റങ്ങൾ**

- സ്വകാര്യ ഉടമസ്ഥാവകാശം സ്ഥാപിച്ചു
- സ്വാതന്ത്രവ്യാപാരവും വിദേശ നിക്ഷേപവും പ്രോത്സാഹിപ്പിച്ചു
- സോവിയറ്റ് ചേരിയിലെ രാജ്യങ്ങളെ പാശ്ചാത്യ സമ്പദ് വ്യവസ്ഥ യിലേക്ക് ഉൾക്കൊള്ളിക്കുക

### ഷോക്ക് ചികിത്സ - പ്രത്യാഘാതങ്ങൾ

| |
|---|
| റഷ്യയുടെ വൻകിട വ്യവസായ സ്ഥാപനങ്ങൾ തകർന്നടിഞ്ഞു. |
| ചരിത്രത്തിലെ ഏറ്റവും വലിയ പാഴ് വസ്തു വില്പന. |
| റൂബിളിന്റെ മൂല്യം ഇടിഞ്ഞു. |
| റഷ്യയുടെ വ്യാപാര സംവിധാനമാകെ തകർന്നു. |
| കൂട്ട് കൃഷി സംവിധാനം അവസാനിച്ചു. |
| സർക്കാർ സബ്സിഡി പിൻവലിച്ചു. |

| |
|---|
| സാമൂഹ്യ ക്ഷേമ സംവിധാനമാകെ നശിപ്പിച്ചു. |
| പണ്ഡിതരും ബുദ്ധി ജീവികളും അന്യ രാജ്യങ്ങളിലേക്ക് കുടിയേറി. |
| സാമ്പത്തിക അസമത്വം വർധിച്ചു. |
| ഐ.എം.എഫ് ന്റെയും ലോക ബാങ്കിന്റെയും സ്വാധീനം വർദ്ധിച്ചു. |
| പഴയ സോവിയറ്റ് ചേരിയിലെ രാജ്യങ്ങളെല്ലാം തിരക്ക് പിടിച്ചു ഭരണ ഘടനകൾ ഉണ്ടാക്കി. |
| പല രാജ്യങ്ങളിലും ആഭ്യന്തര യുദ്ധം നടന്നു. |

24. After 1989, India witnessed five major developments which has long lasting impact on our politics. Briefly explain that developments.
1989 നു ശേഷം നമ്മുടെ രാഷ്ട്രീയത്തിൽ ദീർഘകാല സ്വാധീനം ചെലുത്തിയ അഞ്ച് പ്രധാന സംഭവവികാസങ്ങൾക്ക് ഇന്ത്യ സാക്ഷ്യം വഹിച്ചു അവയെക്കുറിച്ച് ലഘു വിവരണം നൽകുക

**5** → **DEVELOPMENTS**

### End of Congress System

The election in 1989 marked as the end of what is called the 'Congress System'. That means Congress lost its centrality with 1989 elections. Defeat of the Congress in 1989 led to the era of Multy-Party system. It led to the coalition government also when regional parties played a crucial role in forming ruling alliance.

### Mandal Issue

The Janatha government appointed second backward commission under the chairmanship of BP Mandal. In 1990 BP Singh Govt. decided to implement the recommendations of the Mandal Commission. The commission recommended

1. Identified the backwardness among various sections of society.
2. Reservation 27% seats in educational institution and government jobs for backward classes.
3. It recommended land reforms to improve the condition of OBC
4. Commission made recommendation in economic and occupational structures.

Violent anti Mandal protests broke out in different parts of the country.

## New Economic Policy

Prime Minister P.V Narasimha Rao in 1991 started new economic reforms to change the direction of Indian economic policy. (Liberalization, Privatization & Globalization).

1. India's New Economic Policy was launched by the then Finance Minister Dr. Manmohan Singh.
2. It radically changed the direction that Indian Economy had pursued since independence towards liberalized and open economy.

## Demolition of Babri Masjid

The disputed structures at Ayodhya – the Babri Masjid was demolished in December 1992. The demolition marked many changes in Indian politics.

**After demolition**,

1. The BJP state Government was dismissed.
2. Other states where the BJP was in power were also put under President's rule.
3. A case against Chief Minister of UP was registered in Supreme Court.

**Debate over secularism**,

1. Most of the political parties condemned the demolition and declared it to be against secularism
2. A debate took place about using religious sentiments for electoral purposes.

## Assassination of Rajive Gandhi

Congress leadership changed with the assassination of Rajive Gandhi in 1991. The change in leadership of the Congress marked various change in Indian politics.

**5**

സംഭവ വികാസങ്ങൾ

## 1989 ലെ തെരഞ്ഞെടുപ്പിൽ കോൺഗ്രസ്സിന്റെ പരാജയം

1989 ലെ തെരഞ്ഞെടുപ്പ് പരാജയത്തോടെ കോൺഗ്രസ്സിന് ഇന്ത്യൻ രാഷ്ട്രീയത്തിലെ ആധിപത്യം നഷ്ടപ്പെട്ടു. തുടർന്ന് ഇന്ത്യയിൽ മുന്നണി വ്യവസ്ഥയുടെ കാലഘട്ടമാരംഭിച്ചു. 1989 തെരഞ്ഞെടുപ്പിലെ പരാജയം ദേശീയ രാഷ്ട്രീയത്തിൽ കോൺഗ്രസിന്റെ പ്രാധാന്യം നഷ്ടമാവാൻ തുടങ്ങി. കോൺഗ്രസിന്റെ പരാജയം ബഹുകക്ഷി സമ്പ്രദായത്തിലേക്ക് ഇന്ത്യൻ രാഷ്ട്രീയം മാറി. മുന്നണി രൂപീകരണത്തിലും സർക്കാർ രൂപീകരണത്തിലും പ്രാദേശിക കക്ഷികൾക്ക് നിർണായക സ്ഥാനം കൈവന്നു.

## മണ്ഡൽ പ്രശ്നം

1989 ൽ ദേശീയ മുന്നണി സർക്കാർ പിന്നോക്ക വിഭാഗങ്ങൾക്ക് സംവരണം ശിപാർശ ചെയ്യുന്ന മണ്ഡൽ കമ്മീഷൻ റിപ്പോർട്ട് നടപ്പിലാക്കാൻ തീരുമാനിച്ചു. ഇതിനെതിരെ രാജ്യവ്യാപകമായി പ്രതിഷേധങ്ങളും അക്രമങ്ങളും അരങ്ങേറി. ജനങ്ങൾക്കിടയിലെ പിന്നോക്കാവസ്ഥയുടെ വ്യാപ്തി, പിന്നോക്കാവസ്ഥ ഇല്ലാതാക്കുന്നതിനുള്ള മാർഗങ്ങൾ, എന്നിവ കണ്ടെത്താനാണ് കമ്മീഷൻ രൂപീകരിച്ചത്. മണ്ഡൽ കമ്മീഷൻ റിപ്പോർട്ട് ഒ.ബി.സികൾക്ക് അവരുടെ തനിമയെക്കുറിച്ചും അവകാശങ്ങളെക്കുറിച്ചും മികച്ച ധാരണ നൽകാൻ സഹായകരമായി. പിന്നോക്കക്കാരന്റെ അവകാശ സംരക്ഷണത്തിനായി നിരവധി രാഷ്ട്രീയ കക്ഷികൾ ഇക്കാലത്ത് രൂപം കൊണ്ടു.

- വിദ്യാഭ്യാസ സ്ഥാപനങ്ങളിലും സർക്കാർ ജോലികളിലും പിന്നോക്കക്കാർ വളരെ കുറവാണെന്ന് കമ്മീഷൻ കണ്ടെത്തി.
- വിദ്യാഭ്യാസ സ്ഥാപനങ്ങളിലും സർക്കാർ ജോലികൾക്കും ഒബിസി കാർക്ക് 27 ശതമാനം സംവരണം കമ്മീഷൻ ശുപാർശ ചെയ്തു.
- പിന്നോക്ക വിഭാഗം വിഭാഗങ്ങളുടെ സാഹചര്യം മാറ്റിയെടുക്കുന്നതിന് ഭൂപരിഷ്കരണം പോലെയുള്ള ആവശ്യമായ നടപടികൾ നിർദ്ദേശിച്ചു.

## പുത്തൻ സാമ്പത്തിക നയം

ഇന്ത്യൻ സമ്പദ് വ്യവസ്ഥയുടെ ദിശ മാറ്റാൻ 1991 ൽ പ്രധാനമന്ത്രി പി.വി നരസിംഹ റാവു പുതിയ സാമ്പത്തിക പരിഷ്കരണത്തിന് തുടക്കം കുറിച്ചു. ഉദാരവൽക്കരണവും സ്വകാര്യവൽക്കരണവും ആഗോളവൽക്കരണവും ഇക്കാലത്താണ് തുടക്കം കുറിച്ചത്. ധനകാര്യ മന്ത്രിയായിരുന്ന മൻമോഹൻസിംഗിന്റെ കാലഘട്ടത്താണ് പുത്ത സാമ്പത്തിക നയത്തിന് തുടക്കമായത്. ഇന്ത്യൻ സമ്പത്ത് വ്യവസ്ഥയുടെ സമൂലമായ മാറ്റത്തിന് ഇത് കാരണമാവുകയും സ്വാതന്ത്ര്യലബ്ധിക്ക് ശേഷം കൂടുതൽ ഉദാരവൽക്കരണ, ആഗോളവൽക്കരണ പ്രക്രിയകളിലേക്ക് കടക്കുന്നതിനും സമ്പത്ത് വ്യവസ്ഥക്ക് സാധിച്ചു.

## ബാബറി മസ്ജിദ് പൊളിച്ചു

അയോധ്യയിലെ വിവാദ മന്ദിരമായ ബാബറി മസ്ജിദ് 1992 ൽ പൊളിച്ചു. മന്ദിരം പൊളിച്ചത് ഇന്ത്യൻ രാഷ്ട്രീയത്തിൽ വിവിധ മാറ്റങ്ങൾക്ക് തുടക്കം കുറിച്ചു.

<u>പൊളിച്ചു മാറ്റലിന് ശേഷം</u>

1. രാജ്യത്തിന്റെ പലഭാഗത്തും ഹിന്ദു മുസ്ലിം ലഹള പൊട്ടിപ്പുറപ്പെട്ടു.
2. സംസ്ഥാനത്തിൽ ഭരണത്തിൽ ഉണ്ടായിരുന്ന ബിജെപി സർക്കാരിനെ പുറത്താക്കി.
3. ഉത്തർപ്രദേശ് മുഖ്യമന്ത്രിക്കെതിരെ കോടതിയെ ലക്ഷ്യത്തിന് സുപ്രീംകോടതി കേസെടുത്തു.
4. ബിജെപി അധികാരത്തിൽ ഉണ്ടായിരുന്ന മറ്റു സംസ്ഥാനങ്ങളിലും രാഷ്ട്രപതി ഭരണം ഏർപ്പെടുത്തി.
5. കോടതിയെ ധിക്കരിച്ചതിന് ഉത്തർപ്രദേശ് മുഖ്യമന്ത്രിയെ സുപ്രീംകോടതി അതിനിശിതമായി വിമർശിച്ചു.

<u>മതേതരത്വത്തെ കുറിച്ചുള്ള സംവാദം</u>

1. ബാബരി മസ്ജിദ് പൊളിച്ചതിന് മിക്കവാറും എല്ലാ രാഷ്ട്രീയ കക്ഷികളും അപലപിച്ചു.
2. മതേതരത്വത്തിനെതിരായ കടന്നുകയറ്റമായി എല്ലാവരും ഇതിനെ കണ്ടു.
3. തെരഞ്ഞെടുപ്പ് വിജയത്തിന് മതവികാരങ്ങളെ ചൂഷണം ചെയ്യാമോ എന്ന സംവാദം ശക്തമായി .

രാജീവ് ഗാന്ധി വധം

1991 ൽ രാജീവ് ഗാന്ധി വധിക്കപ്പെട്ടതോടെ കോൺഗ്രസ് നേതൃത്വത്തിൽ മാറ്റങ്ങൾ വന്നു. തുടർന്ന് കോൺഗ്രസിന്റെ തെരഞ്ഞെടുപ്പ് പ്രകടനത്തിൽ മാറ്റം ഉണ്ടായി.

25. Some causes that led to the declaration of National Emergency , 1975 are given below. Explain them.

i) Economic context

ii) Verdict of Alahabad High Court

1975 ലെ അടിയന്തരാവസ്ഥ പ്രഖ്യാപനത്തിലേക്ക് നയിച്ച ചില കാരണങ്ങൾ ചുവടെ കൊടുക്കുന്നു. വിശദീകരിക്കുക.

i) സാമ്പത്തിക പശ്ചാത്തലം

ii) അലഹബാദ് ഹൈക്കോടതി വിധി

| | |
|---|---|
| **Economic Context** | Bangladesh War led to Financial Crisis |
| | Oil price sky rocketed |
| | Industrial grown declined |
| | Unemployment increased |
| | Price rise of essential goods |
| | Everywhere in the country there was discomfort and dissatisfaction. |
| **Verdict of the Allahabad High Court** | The Allahabad High court declared Indira Gandhi's election to Lok sabha invalid. She was barred from contesting elections for six years. |

| | |
|---|---|
| സാമ്പത്തിക പശ്ചാത്തലം | ബംഗ്ലാദേശ് യുദ്ധം സാമ്പത്തിക പ്രതിസന്ധിയുണ്ടാക്കി |
| | എണ്ണവില വർദ്ധനവ് |
| | വ്യാവസായിക മുരടിപ്പ് |
| | തൊഴിലില്ലായ്മ രൂക്ഷമായി |
| | ആവശ്യ സാധനങ്ങളുടെ വിലക്കയറ്റം |
| | നിലവിലുള്ള സാമ്പത്തിക സാഹചര്യത്തിൽ ഇന്ത്യയിലാകെ ജനങ്ങളിൽ അതൃപ്തി വളർന്നു. |

| | |
|---|---|
| അലഹബാദ് ഹൈക്കോടതി വിധി | സോഷ്യലിസ്റ്റ് നേതാവായ രാജ്യ നാരായണൻ സമർപ്പിച്ച തെരഞ്ഞെടുപ്പ് ഹരജിയിൽ ഇന്ദിരാഗാന്ധിയുടെ തെരഞ്ഞെടുപ്പ് അലഹബാദ് ഹൈക്കോടതി റദ്ദാക്കി - ഇന്ദിരാഗാന്ധി തന്റെ തെരഞ്ഞെടുപ്പ് പ്രചാരണത്തിന് സർക്കാർ ജീവനക്കാരുടെ സേവനം ഉപയോഗപ്പെടുത്തി എന്നതിന്റെ അടിസ്ഥാനത്തിൽ ആയിരുന്നു ഹൈക്കോടതി വിധി |

**Answer any 2 questions from 26 to 28. Each carries 8 scores.**

26 **മുതൽ** 28 **വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും** 2 **എണ്ണത്തിന് ഉത്തരം എഴുതുക.**
8 **സ്കോർ വീതം.**

26. Explain the major difficulties faced during the partition of India and examine its consequences?
**ഇന്ത്യയുടെ വിഭജന സമയത്ത് നേരിട്ട് ബുദ്ധിമുട്ടുകൾ വിശദീകരിക്കുകയും അതിന്റെ അനന്തരഫലങ്ങൾ പരിശോധിക്കുകയും ചെയ്യുക.**

## PARTITION OF INDIA

Partition of India was the outcome of the **"Two Nation Theory"**. The Two nation theory demended to create a **separate country for Mulsims**. Pakistan will comprise two territories, I.e **West and East Pakistan**. The Partition was realized as per the **Mount Batten Plan**. The Partition of India in 1947 was most abrupt and unplanned which created and spread communal riots.

### The process of partition faced different kinds of difficulties

Areas were supposed to be distributed on the basis of religious majority. **No Belt of Muslim majority was found anywhere in British India**. There were two areas of Muslim concentration. One was in the east and one was in the west. Joining the two was impossible. It created communal riots too.

**Not all Muslim majority areas wanted to be in Pakistan**. It was opposed in North Western Frontier Provinces. Khan Abdul Gaffar Khan of North Western Frontier Provinces staunchly opposed the partition of India.

**Punjab & Bengal, two Muslim majority provinces had non-Muslim belt where the Hindus formed the majority**. So it was decided to divide these two provinces according to religious majority at different levels.

**The Unsolved problems of the minorities on both sides of the boarder**. Lakhs of Hindus and Sikhs found themselves trapped in Pakistan. Lakhs of Hindus, Muslims and Sikhs were forced to leave the Country. The minorities on both sides were attacked.

## CONSEQUENCES OF PARTITION

- Tragic transfer of population in the history
- Peoples forced to leave the country and became refugees. Leaving behind all their savings.
- Lahore, Amritsar, Calcutta became Communal Zones. The Muslims would keep away from areas where Hindus and Sikhs lived.
- The agony and misery of the people fleeing across the border. The journey across the border was painful.
- Around 80 Lakhs of people were migrated. 10 Lakhs of people were ruthlessly killed.
- Those who got across the border realized that on the new land they had no houses of their own.
- Indian economy bacame an Amputated Economy
- Demands had come, India could be converted into a Hindu Nation.
- Partition paved way for a demand of Sikh Nation
- Mahathma Gandhi killed.

**'Partition is the Division of Hearts'**

ഇന്ത്യാ-പാകിസ്ഥാൻ വിഭജനം: സ്വാതന്ത്ര്യാനന്തരം ഇന്ത്യയെന്നും പാക്കിസ്ഥാനെന്നും രണ്ട് രാഷ്ട്രങ്ങൾ നിലവിൽ വന്നു. ദ്വി രാഷ്ട്ര സിദ്ധാന്തമാണ് ഇന്ത്യ വിഭജനം അനിവാര്യമാക്കിയത്. മൗണ്ട് ബാറ്റൺ പദ്ധതി അനുസരിച്ചാണ് വിഭജന പ്രക്രിയ പൂർത്തിയാക്കിയത്.

### ഇന്ത്യ പാകിസ്ഥാൻ വിഭജന പ്രക്രിയയിലെ പ്രതിസന്ധികൾ

ബ്രിട്ടീഷ് ഇന്ത്യയിൽ മുസ്ലിംങ്ങൾക്ക് ഭൂരിപക്ഷമുള്ള ഒരു മേഖലയുണ്ടായിരുന്നില്ല. **മതവിഭാഗങ്ങളുടെ ഭൂരിപക്ഷം നോക്കിയായിരുന്നു പ്രദേശങ്ങളെ ഇന്ത്യക്കും പാകിസ്ഥാനുമിടയിൽ വീതം വെച്ചിരുന്നത്.** മുസ്ലീങ്ങൾ കേന്ദ്രീകരിച്ചിരുന്ന രണ്ടു മേഖലയെ ഉണ്ടായിരുന്നുള്ളൂ. ഒന്ന് പശ്ചിമേന്ത്യയിലും ഒന്ന് പൂർവേന്ത്യയിലും. ഈ രണ്ടു മേഖലകളെ പരസ്പരം യോജിപ്പിക്കുക സാധ്യമായിരുന്നില്ല.

മുസ്ലീം ഭൂരിപക്ഷ മേഖലകൾ പാകിസ്ഥാനിൽ ചേരാൻ ആഗ്രഹിച്ചിരുന്നില്ല. വടക്ക് പടിഞ്ഞാറൻ അതിർത്തി പ്രദേശങ്ങൾ പാകിസ്ഥാനോടൊപ്പം ചേരാൻ മടിച്ചു. അതിർത്തി ഗാന്ധി എന്നറിയപ്പെടുന്ന ഖാൻ  അബ്ദുൽ ഗഫ്ഫാർ ഖാൻ രാഷ്ട്ര സിദ്ധാന്തത്തിന് തീർത്തും എതിരായിരുന്നു.

ബ്രിട്ടീഷ് ഇന്ത്യയിലെ മുസ്ലീം ഭൂരിപക്ഷ കേന്ദ്രങ്ങളായ പഞ്ചാബിലും ബംഗാളിലും മുസ്ലീങ്ങൾ അല്ലാത്തവർ ഭൂരിപക്ഷം വരുന്ന മേഖലകൾ ഉണ്ടായിരുന്നു. ഒടുവിൽ ഈ രണ്ട് സംസ്ഥാനങ്ങളും വിഭജിക്കാൻ തീരുമാനിച്ചു. സ്വാതന്ത്ര്യ ദിനത്തിൽ പോലും ഇവിടെയുള്ളവർക്ക് താങ്ങൾ ഇന്ത്യക്കാരാണോ പാക്കിസ്ഥാനികളാണോ എന്ന് അറിയാൻ കഴിഞ്ഞില്ല.

അതിർത്തിയുടെ ഇരു ഭാഗത്തുമുണ്ടായിരുന്ന ന്യൂനപക്ഷങ്ങളുടെ ദുരിതങ്ങൾ പരിഹരിക്കാൻ സാധിക്കാതെ വന്നത്. ലക്ഷക്കണക്കിന് ഹിന്ദു മുസ്ലിം സിഖ് ജനവിഭാഗങ്ങൾ അവരവരുടെ രാജ്യം വിടാൻ നിർബന്ധിതരായി. അതിർത്തിയുടെ ഇരുവശങ്ങളിലും പെട്ടുപോയ ന്യൂനപക്ഷങ്ങൾ ശരിക്കും കെണിയിൽപ്പെട്ട അവസ്ഥയിലായി. തങ്ങളും, തങ്ങളുടെ പൂർവികരും ജനിച്ചു വളരുകയും ജീവിക്കുകയും ചെയ്തു പോന്ന നാട്ടിൽ പെട്ടെന്ന് അവർ അന്യരായി.

## വിഭജനത്തിന്റെ പ്രത്യാഘാതങ്ങൾ

- ദുരന്ത പൂർണ്ണമായ ജനതാ കൈമാറ്റം.
- രിത്രത്തിലെ ഏറ്റവും വലിയ അഭയാർത്ഥി പ്രവാഹം
- ലാഹോർ, അമൃതസർ, കൊൽക്കത്ത എന്നിവ കമ്യൂണൽ സോണുകളായി.
- അഭയാർത്ഥികൾ അക്രമത്തിന് ഇരയായി. അതിർത്തിക്കപ്പുറത്തും ഇപ്പുറത്തും കൂട്ടക്കൊലകളും അതിക്രമങ്ങളും ഉണ്ടായി.
- ഏകദേശം 80 ലക്ഷം പേർ ഇരു രാജ്യങ്ങളിലേക്കുമായി കുടിയേറി.
- ഒരുവിധത്തിൽ അതിർത്തിക്കപ്പുറത്ത് എത്തിപ്പെട്ടവരാകട്ടെ താമസസൗകര്യ മില്ലാതെ കഷ്ടപ്പെട്ടു.
- പത്തു ലക്ഷത്തോളം ആളുകൾ കൊല്ലപ്പെട്ടു. മതത്തിന്റെ പേരിൽ ജനങ്ങൾ പരസ്പരം നിർദയം കൊന്നു
- ഒന്നിച്ച് ജീവിച്ചിരുന്ന സമൂഹത്തിന്റെ ഹിംസാത്മകമായ വിഭജനം കൂടിയായിരുന്നു.
- വിഭജനം ഇന്ത്യയുടെ സമ്പദ്വ്യവസ്ഥയെ ദോഷകരമായി ബാധിച്ചു.
- റെയിൽവേ ജീവനക്കാരും ഗവൺമെന്റ് ജീവനക്കാരും വിഭജിക്കപ്പെട്ടു.
- ഇന്ത്യയെ ഹിന്ദു രാഷ്ട്രമാക്കി പ്രഖ്യാപിക്കണമെന്ന് ചില സംഘടനകൾ ആവശ്യപ്പെട്ടു സിഖ് രാഷ്ട്രം എന്ന വാദത്തിനു അടിത്തറ പാകി.
- മഹാത്മാ ഗാന്ധി കൊല്ലപ്പെട്ടു.

'ഹൃദയങ്ങളുടെ വിഭജനം'

27. Explain the formation of European Union and its influence in World politics.
**യൂറോപ്പ്യൻ യൂണിയന്റെ രൂപീകരണം. ലോക രാഷ്ട്രീയത്തിൽ അതിന്റെ സ്വാധീനം എന്നിവയെക്കുറിച്ച് വിവരിക്കുക.**

The European Union was formed in 1992

**EURO**

Currency of European Union

**EVOLUTION OF EUROPEAN UNION**

- 1948 – OEEC – Organization of European Economic Cooperation
- 1949 – Council of Europe
- 1957 - EEC – European Economic Community
- 1992 – European Union

## POWER OF EUROPEAN UNION

### ECONOMIC INFLUENCE

- World's biggest economy – **GDP 12 trillion D**.
- The Euro poses a threat to the US Dollar
- World trade share is the three times that of the US
- Economics power makes it influential with Asia and Africa

### POLITICAL INFLUENCE

- European Union has powerful political Influence - **NATO**
- France is a permanent membes of UN Security Council
- The members of EU can influence US policies - NATO

### MILITARY INFLUENCE

- Armed forces are the second largest in the world
- Defence expenditure is **second** only to the US
- France has nuclear weapons
- World's second most important sources of space and communication technology.

1992 ൽ യൂറോപ്യൻ യൂണിയൻ സ്ഥാപിതമായി

യൂറോ - EURO

യൂറോപ്യൻ യൂണിയന്റെ കറൻസി

## യൂറോപ്യൻ യൂണിയൻ

- 1948 – OEEC – **യൂറോപ്യൻ സാമ്പത്തിക സഹകരണത്തിനുള്ള സംഘടന**
- 1949 – Council of Europe – **കൗൺസിൽ ഓഫ് യൂറോപ്പ്**
- 1957 - EEC – **യൂറോപ്യൻ സാമ്പത്തിക സമൂഹം**
- 1992 – European Union - **യൂറോപ്യൻ യൂണിയൻ**

## യൂറോപ്യൻ യൂണിയന്റെ അധികാരം

**സാമ്പത്തികം**

- ലോകത്തിലെ ഏറ്റവും വലിയ സമ്പദ് വ്യവസ്ഥയാണ് - GDP 12 ട്രില്യൻ ഡോളറാണ്
- യൂറോ കറൻസി അമേരിക്കൻ ഡോളറിനു ഭീഷണിയാവാൻ കഴിയും.
- ലോക വ്യാപാരത്തിൽ യൂറോപ്യൻ യൂണിയന്റെ പങ്ക് അമേരിക്കയുടെ മൂന്നിരട്ടി
- ഏഷ്യൻ ആഫ്രിക്കൻ രാജ്യങ്ങളിൽ സാമ്പത്തിക സ്വാധീനം വർധിപ്പിക്കുന്നു

**രാഷ്ട്രീയം**

- യൂറോപ്യൻ യൂണിയന് ശക്തമായ രാഷ്ട്രീയ സ്വാധീനമുണ്ട് - നേറ്റോയിലെ അംഗത്വം
- ഫ്രാൻസ് ഐക്യരാഷ്ട്ര സഭയിൽ സ്ഥിരാംഗമാണ് - വീറ്റോ അധികാരമുണ്ട്
- അമേരിക്കയുടെ പല നയങ്ങളെയും സ്വാധീനിക്കാൻ സാധിക്കും- നേറ്റോയിലെ അംഗത്വം

സൈനികം → 

- സൈനിക ശക്തിയിൽ രണ്ടാം സ്ഥാനത്ത്
- സൈനിക ചെലവിൽ രണ്ടാം സ്ഥാനം
- ഫ്രാൻസ് അണ്വായുധ ശക്തിയാണ്
- ബാഹ്യാന്തരീക്ഷ സാങ്കേതികവിദ്യ, കമ്മ്യൂണിക്കേഷൻ എന്നിവയിൽ യൂറോപ്യൻ യൂണിയന് രണ്ടാം സ്ഥാനം

28. Issues of regional aspirations are varied and complex in North East. Explain the various issues of North East.

Hints -

- Demand for autonomy
- Secessionist Movement
- Movement against outsiders

വടക്ക് കിഴക്കൻ മേഖലകളിൽ പ്രാദേശിക അഭിലാഷങ്ങളുടെ പ്രശ്നങ്ങൾ വ്യത്യസ്തവും സങ്കീർണവും ആണ് വടക്ക് കിഴക്കൻ മേഖലയുടെ വിവിധ പ്രശ്നങ്ങളെ കുറിച്ച് വിവരിക്കുക?

- സ്വയംഭരണത്തിനുള്ള ആവശ്യം
- വിഘടന വാദ പ്രസ്ഥാനങ്ങൾ
- അന്യർക്കെതിരെയുള്ള പ്രക്ഷോഭങ്ങൾ

## ISSUES OF NORTH EAST STATES

- Demand for Autonomy
- Movement for Secession
- Oppositions to outsiders

## THE ASSAM MOVEMENT – A MOVEMENT AGAINST OUTSIDERS

1. Assam movement was against outsiders to maintain cultural integration of Assam
2. There was wide spread poverty and unemployment in Assam, despite existence of natural resources like tea, coal and oil
3. It was felt that resources were drained out of state without any benefit to the people

**AASU – All Assam Students Union**

AASU led the movement in Assam against outsiders in 1979

**ASSAM ACCORD**

Assam Accord was signed between Rajive Gandhi and AASU leaders over the issue of 'Outsiders'

1. The foreigners who migrated into Assam during and after Bangladesh war and since were to be identified and deported.
2. The Asom Gana Parishad came to power in 1985 with the promise of resolving the foreign national problem as well as to build a 'Golden Assam'

## DEMAND FOR AUTONOMY

1. Non Assamese protested against the imposition of Assamese language on them.
2. Assam communities like Bodos, Karbis and Dimosas demanded separate state
3. They mobilized public opinion and popular movement.
4. Karbis and Dimosas were granded autonomy under district councils and while Bodos were granted autonomous council.

## MOVEMENT FOR SECESSION

### MIZORAM

1. After Independence, the Mizo hills was made an autonomous district within Assam
2. Mizos believed that they were never a part of British India and not belong to Indian Union
3. The movement of succession gained popular support after Assam Govt. failed to respond adequately to great famine of 1959 in Mizo Hills.
4. It led to the formation of Mizo National Front (MNF) under the Leadership of Laldenga.
5. In 1966, the MNF started an armed campaign for independence.
6. The MNF fought guerilla ear, got support from Pakistan Govt. and secured shelter in Pakistan
7. After two decades of insurgency Laldenga started negotiation with Indian Govt.

### ACCORD – RAJIV GANDHI & LALDENGA

1. In 1989 a peace accord was signed between Rajiv Gandhi and Laldenga.
2. The accord between Rajiv Gandhi and Laldenga of 1986 granted full-fledged statehood with special powers to Mizoram. MNF (Mizo National Front) agreed to give up secessionists struggle.

### NAGALAND

1. A group of Nagas under the leadership of Angami Zaphu Phiso declared independence from India
2. The Naga National Council launched armed struggle for Naga Sovereignty.
3. The central Govt. succeeded in signing an agreement with the Nagas.
4. Even today Nagaland problem remains unsettled.

## ISSUES OF NORTH EAST STATES

### വടക്കു കിഴക്കൻ മേഖലയിലെ മൂന്നു പ്രധാന പ്രശ്നങ്ങൾ

- സ്വയം ഭരണാധികാരത്തിനുള്ള ആവശ്യം
- വിഘടനവാദ പ്രസ്ഥാനങ്ങൾ
- പുറത്തുള്ളവർക്കെതിരായ പ്രസ്ഥാനങ്ങൾ

### സ്വയം ഭരണാവകാശവാദം

1. സ്വാതന്ത്ര്യ സമയത്ത് വടക്ക് കിഴക്കൻ മേഖലകളിലെ ത്രിപുര മണിപ്പൂർ ഒഴികെയുള്ള എല്ലാ പ്രദേശങ്ങളും ആസാം സംസ്ഥാനത്തിൽ ആയിരുന്നു.
2. ആസാമീസ് ഭാഷ തങ്ങളുടെ മേൽ അടിച്ചേൽപ്പിക്കുന്നത് ആസാമികൾ അല്ലാത്തവർ ഇഷ്ടപ്പെട്ടിരുന്നില്ല.
3. ശക്തമായ എതിർപ്പിനെ തുടർന്ന് ത്രിപുരയും, മണിപ്പൂരും സ്വതന്ത്ര സംസ്ഥാനങ്ങൾ ആയി.
4. ആസാമിലെ ബോഡോകൾ, കർബികൾ, ദിമാസസുകൾ എന്നീ സമുദായങ്ങൾ പ്രത്യേക സംസ്ഥാനങ്ങൾ ആവശ്യപ്പെട്ടുകൊണ്ട് ശക്തമായ പ്രക്ഷോഭം ആരംഭിച്ചു.
5. അതിനെ തുടർന്ന് കർബികൾക്കും, ദിമാസസുകൾക്കും സ്വയംഭരണാവകാശ ജില്ലാ കൗൺസിലുകളും, ബോഡോകൾക്ക് സ്വയം ഭരണാവകാശ കൗൺസിലും അനുവദിക്കപ്പെട്ടു.

### വിഘടനവാദ പ്രസ്ഥാനങ്ങൾ

#### മിസോറാം

1. ബ്രിട്ടീഷ് ഇന്ത്യയുടെ ഭാഗമായിരുന്നില്ല എന്ന് ഒരു വിഭാഗം വിശ്വസിച്ചു.
2. അതിനാൽ ഇന്ത്യ സ്വതന്ത്രമായതോടെ അവർ ഇന്ത്യൻ യൂണിയനിൽ ലഭിക്കുന്ന പ്രശ്നം അംഗീകരിച്ചില്ല ബ്രിട്ടീഷ് ഇന്ത്യയിൽ പെട്ടവർക്കു മാത്രമേ ഇന്ത്യൻ യൂണിയനിൽ ചേരാൻ ബാധ്യതയുള്ളൂ എന്ന് അവർ വിശ്വസിച്ചു.
3. അതുകൊണ്ട് മിസോറാം സ്വതന്ത്ര രാജ്യമാണ് അവർ ആവശ്യപ്പെട്ടത് ഈ ആവശ്യത്തിന് നല്ല ജനപിന്തുണ നേടാൻ സാധിച്ചു.
4. വിഘടനവാദികൾ സ്വന്തം ആവശ്യങ്ങൾ നേടിയെടുക്കാനായി മിസോ നാഷണൽ ഫ്രണ്ട് രൂപീകരിച്ചു. ലാൽഡെങ്കയായിരുന്നു അവരുടെ നേതാവ്.
5. ഇന്ത്യൻ സൈന്യവും മിസോ നാഷണൽ ഫ്രണ്ടിന്റെ നേതൃത്വത്തിൽ വിഘടനവാദികളും ദീർഘകാലം പോരാട്ടം നടന്നു.
6. വിഘടനവാദികൾക്ക് കിഴക്കൻ പാകിസ്ഥാനിൽ താവളം ആവശ്യപ്പെടുകയും അവർക്ക് അത് ലഭിക്കുകയും ചെയ്തു.
7. സായുധ കലാപത്തെ അടിച്ചമർത്താൻ ഇന്ത്യൻ സൈന്യം ശക്തമായ നടപടികൾ സ്വീകരിച്ചു.

### രാജീവ് ഗാന്ധി - ലാൽ ഡെങ്ക ഉടമ്പടി

1. 1986 ൽ രാജീവ്ഗാന്ധിയും ലാൽഡെങ്കയും തമ്മിൽ സമാധാന ഉടമ്പടി ഒപ്പുവച്ചു. മിസോറാമിന് പ്രത്യേക അധികാരങ്ങളോടെ പൂർണ്ണ സംസ്ഥാന പദവി അനുവദിച്ചു.
2. വിഘടനവാദം പിൻവലിക്കാൻ മിസോ നാഷണൽ ഫ്രണ്ട് സമ്മതിച്ചു. ലാൽഡെങ്ക മിസോറാമിന്റെ മുഖ്യമന്ത്രിയായി. മിസോറാം ഇന്ന് ശാന്തമാണ്.

#### നാഗാലാൻഡ്

5. അൻഗാമി സഫു പിസോയുടെ നേതൃത്വത്തിൽ നാഗന്മാർ 1951ൽ ഇന്ത്യയിൽ നിന്ന് സ്വതന്ത്രമായി എന്ന് സ്വയം പ്രഖ്യാപിച്ചു.
6. നാഗന്മാരുടെ സ്വാതന്ത്ര്യത്തിനുവേണ്ടി നാഗാ നാഷണൽ കൗൺസിൽ രൂപീകരിക്കുകയും സായുധ കലാപം തുടങ്ങുകയും ചെയ്തു.
7. നാഗന്മാരിൽ ഒരു വിഭാഗവുമായി ഒരു ഉടമ്പടി ഒപ്പുവെക്കാൻ കേന്ദ്രസർക്കാരിന് സാധിച്ചു. ഇന്നും നാഗാ പ്രശ്നം പരിഹരിക്കാൻ സാധിച്ചിട്ടില്ല..

## ആസാം പ്രക്ഷോഭം– പുറത്തുള്ളവർക്ക് എതിരായുള്ള പ്രസ്ഥാനം

1. ആസാം പ്രസ്ഥാനം പരദേശികൾക്ക് എതിരെയുള്ള പ്രസ്ഥാനം ആയിരുന്നു.
2. കുടിയേറ്റക്കാരിൽ വലിയൊരു പങ്ക് ബംഗ്ലാദേശിൽ നിന്ന് വന്നവരാണ് ഈ വിദേശികളെ കണ്ടെത്തി പുറത്താക്കണമെന്ന് ആസാമിലെ ജനങ്ങൾ ആവശ്യപ്പെട്ടു.
3. ഓൾ ആസാം സ്റ്റുഡൻസ് യൂണിയന്റെ (AASU) നേതൃത്വത്തിൽ വിദേശ വിരുദ്ധ പ്രസ്ഥാനം ആരംഭിച്ചു. ആസാമിലെ അനധികൃത കയ്യേറ്റം ആയിരുന്നു പ്രസ്ഥാനത്തിന്റെ കാരണം.
4. ബംഗാളികളും മറ്റു ദേശക്കാരും വൻതോതിൽ ആസാമിൽ കുടിയേറി അവരുടെ സംഖ്യ ആസാമികളേക്കാൾ കവിഞ്ഞു

AASU – All Assam Students Union

1979 ൽ ഓൾ ആസാം സ്റ്റുഡൻസ് യൂണിയന്റെ (AASU) നേതൃത്വത്തിൽ വിദേശ വിരുദ്ധ പ്രസ്ഥാനം ആരംഭിച്ചു

### ആസാം ഉടമ്പടി

ആറു വർഷത്തെ പ്രക്ഷോഭത്തിനൊടുവിൽ രാജീവ് ഗാന്ധി – എ.എ.എസ്.യു നേതാക്കളുമായി ചർച്ച നടത്തുകയും ആസാം ഉടമ്പടിയിൽ ഒപ്പുവെക്കുകയും ചെയ്തു.

1. ഉടമ്പടി പ്രകാരം ബംഗ്ലാദേശ് യുദ്ധകാലത്തും അതിനുശേഷം ആസാമിൽ കുടിയേറിയ എല്ലാവരെയും പുറത്താക്കാൻ വ്യവസ്ഥ ചെയ്തു.
2. വിദേശീയരെ പുറത്താക്കുമെന്നും സുവർണ്ണ ആസാം സ്ഥാപിക്കുമെന്നും വാഗ്ദാനം നൽകി അസാം ഗണപരിഷത്ത് തെരഞ്ഞെടുപ്പിൽ മത്സരിക്കുകയും അധികാരത്തിൽ വരികയും ചെയ്തു.

***Prepared By:***

**MUHAMMED RASAK**

GHSS ERANHIMANGAD

MALAPURAM